ഹദീസ്

അര്‍ഷദ് ചെറുവാടി

# വിരുന്നുപോവാം അല്ലാഹുവിന്റെ ഭവനത്തിലേക്ക്

عَنْ عَائِشَةَ رَضِيَ الله عَنْهَا قَالَتْ: كَانَ رَسُولُ الله صَلَّى الله عَلَيْهِ وَسَلَّمَ إِذَا دَخَلَ الْعَشْرُ الأَوَاخِرُ
أَحْيَا اللَّيْلَ وَأَيْقَظَ أَهْلَهُ، وَجَدَّ، وَشَدَّ الْمِئْزَرَ (متفق عليه)

**ആഇശ(റ)യില്‍നിന്ന്: അവസാന പത്ത് സമാഗതമായാല്‍ നബി(സ) രാത്രിയെ (ഇബാദത്തുകളാല്‍) സജീവമാക്കുകയും കുടുംബത്തെ ഉണര്‍ത്തുകയും മുണ്ട് മുറുക്കി പ്രയത്നിക്കുകയും ചെയ്യുമായിരുന്നു (ബുഖാരി, മുസ്‌ലിം).**

വെക്കേഷന്‍ കഴിയാറായി. അവസാനത്തെ പത്ത് ആവുമ്പോഴേക്ക് മദ്‌റസയും പൂട്ടി. ഇനി കുറച്ച് ദിവസമേ കാണൂ സ്‌കൂള്‍ തുറക്കാന്‍. ഉമ്മ മകനോട് പറഞ്ഞു: 'മോനേ, സ്‌കൂള്‍ തുറക്കാനായില്ലേ. നമുക്കൊന്ന് ഉമ്മച്ചീടെ വീട്ടില്‍ പോയി ഉമ്മമ്മാന്റേം മാമാന്റേം കൂടെ കുറച്ച് ദിവസം നിക്കാം.' കുട്ടി പറഞ്ഞു: 'ഞാന്‍ ഇത്തവണ ഇല്ല ഉമ്മച്ചീ. ഞാന്‍ ഇത്തവണ അല്ലാഹുവിന്റെ വീട്ടിലേക്കാ വിരുന്നിന് പോണത്. അവിടെ പോയിരുന്ന് അല്ലാഹുവിനോട് ഒരുപാട് സംസാരിക്കണം. ഇതുവരെ പഠിച്ച ഖുര്‍ആനൊക്കെ മനഃപാഠമാക്കണം.' മകന്റെ ഈ പ്രതികരണം കേട്ട് ഉമ്മയുടെ മനസ്സ് നിറഞ്ഞു. ഉപ്പ പറഞ്ഞു: 'എന്നാല്‍ ഇത്തവണ നമുക്ക് ഒന്നിച്ച് അല്ലാഹുവിന്റെ വീട്ടില്‍ ഇരിക്കാം.' ഇഅ്തികാഫ് എന്നത് ഒരു വിരുന്നാണ്. നമ്മുടെ രക്ഷിതാവായ അല്ലാഹുവിന്റെ വീട്ടിലേക്കുള്ള വിരുന്ന്. നമുക്ക് മുന്നിലുള്ളത് റമദാനിന്റെ അവസാന നാളുകളാണ്. ഇനിയൊരു റമദാനെ വരവേല്‍ക്കാന്‍ നമ്മള്‍ ഉണ്ടാവുമോ എന്നറിയില്ല. കൂടെയുണ്ടാവും എന്ന് വിചാരിച്ച, നമ്മുടെ ഒരുപാട് പ്രിയപ്പെട്ടവര്‍ നമ്മെ പിരിഞ്ഞു പോയി. അവര്‍ക്കുവേണ്ടി നമുക്ക് പ്രാര്‍ഥിക്കാം. റമദാനിന്റെ അവസാനത്തെ പത്ത് ദിവസങ്ങളിലൊന്നാണ് ലൈലത്തുല്‍ ഖദ്ര്‍ എന്ന സവിശേഷ രാത്രി. ആയിരം മാസങ്ങളെക്കാള്‍ പുണ്യമേറിയത് എന്ന് ഖുര്‍ആന്‍ വിശേഷിപ്പിച്ച രാത്രി. അത്തരത്തിലൊരു രാത്രി നമ്മുടെ അടുത്തേക്ക് വരുമ്പോള്‍ നമ്മള്‍ അതിനെ വരവേല്‍ക്കാനായി ഒരുങ്ങിനില്‍ക്കണം. അതുകൊണ്ട് ആ രാവുകള്‍ക്ക് വേണ്ടി നമുക്ക് ഇത്തവണ അല്ലാഹുവിന്റെ ഭവനത്തിലേക്ക് വിരുന്നിന് പോവാം. ഭാര്യയും ഭര്‍ത്താവും കുട്ടികളും ഒന്നിച്ച് നാഥന്റെയടുക്കലേക്ക്. അല്ലാഹു നമ്മെ വരവേല്‍ക്കാനായി കാത്തിരിക്കുന്നുണ്ട് എന്ന ബോധത്തോടെ നമ്മള്‍ ചെല്ലണം. വിരുന്നുപോവുമ്പോള്‍ ആതിഥേയര്‍ വിളിച്ച് ചോദിക്കും, നിങ്ങള്‍ വരുന്നില്ലേ? എവിടെ എത്തി? എന്നൊക്കെ. നമുക്ക് ബാഹ്യമായി കേള്‍ക്കുന്നില്ലെങ്കിലും ഉള്ളുകൊണ്ട് അല്ലാഹുവിന്റെ വിളി കേട്ട് നാം അവന്റെ വീട്ടിലേക്ക് ഓടിയണയണം. അവിടെച്ചെന്ന് അവന്റെ വചനങ്ങള്‍ വായിച്ചും ഉള്‍ക്കൊണ്ടും അല്ലാഹുവോട് അടുക്കണം. അതുവഴി നമ്മുടെ ഹൃദയങ്ങളില്‍ ഖുര്‍ആനിന്റെ വെളിച്ചം പരക്കും. അല്ലാഹുവിന്റെ വചനങ്ങളെ നെഞ്ചിലേറ്റിയവനെ അവന് ഒരുപാട് ഇഷ്ടമാണ്. എന്തും ചോദിച്ചാല്‍ വാരിക്കോരി തരാന്‍ അവന്‍ തയാറാവും. ഈ ജന്മമത്രയും അവന്‍ ചെയ്തു തന്ന അനുഗ്രഹങ്ങള്‍ സ്മരിച്ചുകൊണ്ട്, അവനെ പ്രകീര്‍ത്തിച്ചുകൊണ്ട് അവനോട് ചോദിക്കണം. ചെയ്തുപോയ അബദ്ധങ്ങള്‍ക്ക് മാപ്പേകാനും അവന്റെ അനുഗ്രഹങ്ങള്‍ മുമ്പത്തേക്കാളേറെ തുടരാനും ഇന്ന് ഈ ഭവനത്തില്‍ ഒത്തുചേര്‍ന്നതു പോലെ നാളെ ജന്നാത്തുല്‍ ഫിര്‍ദൗസിലും ഒത്തുകൂടാനുമെല്ലാം അവനോട് മനസ്സുരുകി പ്രാര്‍ഥിക്കണം. അല്ലാഹുവിന്റെ പ്രവാചകനും അദ്ദേഹത്തിന്റെ പത്നിമാരും പിന്തുടര്‍ന്നിരുന്ന പാത നമ്മള്‍ ഏറ്റുപിടിക്കണം. ആഇശ(റ) പറയുന്നു: പ്രവാചകന്‍ മരണം വരെ റമദാനിലെ അവസാനത്തെ പത്തില്‍ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന് ശേഷം അവിടുത്തെ പത്നിമാരും ഇഅ്തികാഫ് ഇരിക്കുമായിരുന്നു (ബുഖാരി, മുസ്‌ലിം). അവര്‍ റമദാനിലെ അവസാന നാളുകളില്‍ വീടിനുള്ളിലെ എല്ലാ സന്തോഷങ്ങളും ത്യജിച്ച് അല്ലാഹുവിന്റെ ഭവനത്തില്‍ പോയി ആരാധനയില്‍ മുഴുകി. അല്ലാഹു അനുഗ്രഹം ചൊരിഞ്ഞ രാത്രികളില്‍ സ്വന്തം താല്‍പര്യങ്ങള്‍ മാറ്റി വെച്ച് അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് അവന്‍ വാഗ്ദാനം ചെയ്ത ലൈലത്തുല്‍ ഖദ്‌റിനെ അവര്‍ കാത്തിരുന്നു. എത്ര ആസ്വാദ്യകരമാണ് അല്ലാഹുവിന്റെ വീട്ടിലെ വിരുന്ന്! ●